# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.598

02.12.2014 ലെ മറുപടിക്ക്

<u>നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസസ്</u>

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ

**ഉത്തരം**

ശ്രീ.കെ.എം.മാണി

(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ (NUALS) ഏതെങ്കിലും വൈസ് ചാൻസലർ പെൻഷൻ തുക ശമ്പളത്തിൽ കുറവു ചെയ്യാതെ മൊത്തമായി വാങ്ങിയിരുന്നോ; ചാൻസലറുടെ നിർദ്ദേശ പ്രകാരം അധിക ശമ്പളം തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ എന്താണ്; | നുവാൽസിലെ വൈസ് ചാൻസലർമാരായിരുന്ന ഡോ.എസ്.ജി.ഭട്ടിനും ഡോ.എൻ.കെ.ജയകുമാറിനും പെൻഷൻ തുക അടിസ്ഥാന ശമ്പളത്തിൽ കുറവ് ചെയ്യാതെയാണ് നൽകിയിരുന്നത്. ഈ വിഷയത്തിൽ ബഹു. ചാൻസലറുടെ നിർദ്ദേശപ്രകാരമുള്ള തുടർ നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരികയാണ്. |
| (ബി) | NUALS-ലെ ടീച്ചിഗ്, നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമന രീതി എന്താണ്; സംവരണ തത്വം പാലിക്കാറുണ്ടോ; ഇക്കാര്യത്തിൽ ബാക്ക് ലോഗ് ഉണ്ടോ; | നുവാൽസിലെ ടീച്ചിംഗ്, നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ നിയമന രീതി നുവാൽസ് ആക്ടും റെഗുലേഷനുമനുസരിച്ചാണ് നടത്തുന്നത്. 2006-ൽ റഗുലേഷൻസ് പ്രാബല്യത്തിൽ വരുന്നതിനു മുൻപ് സർവ്വീസിലുണ്ടായിരുന്ന എല്ലാ ജീവനക്കാരെയും റഗുലേഷൻസ് പ്രാബല്യത്തിൽ വന്നതിനു ശേഷം റഗുലറൈസ് ചെയ്യുകയാണുണ്ടായത്. തുടർന്നുള്ള എല്ലാ നിയമനങ്ങളും സംവരണതത്വം പാലിച്ചാണ് നടത്തുന്നത്. റഗുലറൈസ് ചെയ്യുക വഴി ഉണ്ടായിട്ടുള്ള ബാക്ക് ലോഗ് വരും നിയമനങ്ങളിൽ പരിഹരിക്കുന്നതാണ്. |
| (സി) | ചാൻസലറുടെ നിയമന ഉത്തരവിലെ വ്യവസ്ഥ പ്രകാരം വൈസ് ചാൻസലർക്ക് അനുവദനീയമായ അവകാശ അവധികൾ ഏതെല്ലാം? | ചാൻസലറുടെ ഉത്തരവ് പ്രകാരം വൈസ്ചാൻസലറായ ഡോ.ബാലുവിന് പ്രതിവർഷം 20 ദിവസത്തെ കാഷ്വൽ ലീവും മൊത്തം കാലാവധിയിൽ രണ്ട് മാസത്തെ ശൂന്യവേതന അവധിയുമാണ് അനുവദിച്ചിട്ടുള്ളത്. |

...2

| | | |
|---|---|---|
| (ഡി) | ഡോ.എൻ.ബാലു വൈസ് ചാൻസലർ ആയിരിക്കെ എത്ര അവധികൾ എടുത്തിട്ടുണ്ട്. വിശദ വിവരം നൽകാമോ? | ഡോ.ബാലു 2013 ൽ 20 കാഷ്വൽ ലീവും ചാൻസലറുടെ ഉത്തരവോടെ 35 ശൂന്യവേതന അവധിയും എടുത്തിട്ടുണ്ട്. 2014 ൽ ജനവരി മുതൽ ഏപ്രിൽ വരെ 10 കാഷ്വൽ ലീവും എടുത്തിട്ടുണ്ട് |

Nisha

സെക്ഷൻ ഓഫീസർ